കേരള സർക്കാർ

**പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,**

**തിരുവനന്തപുരം–695003, ഫോൺ/ഫാക്സ് - 0471 2727379**

**ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് –www.bcdd.kerala.gov.in**

**BCDIR/405/2026-B3** **തീയതി :04-08-2026**

**ഭരണഭാഷ - മാതൃഭാഷ**

**വിജ്ഞാപനം**

**പരമ്പരാഗത കരകൗശല വിദഗ്ധർക്ക് പണിയായുധങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി 2026-2027**

കേരളത്തിലെ മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധർ/കൈപ്പണിക്കാർ/പൂർണ്ണ വൈദഗ്ധ്യമില്ലാത്ത തൊഴിലാളികൾ എന്നിവരുടെ തൊഴിൽ വൈദഗ്ധ്യം ശക്തിപ്പെടുത്തി, ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലൂടെ വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ **www.bwin.kerala.gov.in** എന്ന പോർട്ടൽ മുഖേന ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

1. അപേക്ഷകർ സംസ്ഥാനത്തെ പരമ്പരാഗത കരകൗശല തൊഴിൽ ചെയ്യുന്ന, മറ്റ് പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ (ഒ.ബി.സി) ഉൾപ്പെട്ട സമുദായാംഗമായിരിക്കണം.
**(Viswakarmas (Asari, Chaptegra, Kallasari, Kalthachan, Kammala, Kamsala, Kannan, Karuvan, Kitaran, Kollan, Malayala Kammala, Moosari, Pandikammala, Pandithattan, Perumkollan, Thachan, Thattan, Vilkurup, Villasan, Viswabrahmanan or Viswabrahmanar, Viswakamala, Palisa Perumkollan and Kadachi kollan, Saliyas, Chaliya (Chaliyan), Padmasali, Tholkollans, Mooppar or Kallan Mooppan or Kallan Moopar)**

2. അപേക്ഷകർ കേരളീയരായിരിക്കണം.

**3. അപേക്ഷകർ നിലവിൽ പരമ്പരാഗത കരകൌശല തൊഴിൽ ചെയ്യുന്നവരായിരിക്കണം.**

**4. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കൂടുതലാവരുത്.**

**5.അർഹരായ അപേക്ഷകർക്കുള്ള പരമാവധി ഗ്രാന്റ് 20,000/- രൂപ ആയിരിക്കും.**

**6. അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രായപരിധി 18 നും 60 നും വയസ്സിനിടയിൽ (01.08.2026 ന് 60 വയസ്സ് കവിയാൻ പാടുള്ളതല്ല.)**

**7. ഇതേ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരോ, അവരുടെ കുടുംബാംഗങ്ങളോ അപേക്ഷിക്കേണ്ടതില്ല.**

**8. രണ്ടു പെൺകുട്ടികളിൽ കൂടുതൽ ഉള്ളവർ/ ഭിന്നശേഷിയുള്ളവർ/ 10 വർഷത്തിൽ കൂടുതൽ പ്രവൃത്തി പരിചയമുള്ളവർ എന്നിവർക്ക് മുൻഗണന ലഭിക്കുന്നതാണ്.**

**9. ഇതേ ആവശ്യത്തിന് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ നിന്നോ സർക്കാർ ഏജൻസികളിൽ നിന്നോ KADCO ൽ നിന്നോ ആനുകൂല്യം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല.**

**10. ഓൺലൈൻ മുഖേന ലഭ്യമാകുന്ന അപേക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്കു ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗുണഭോക്തൃ നിർണ്ണയം നടത്തുന്നതും സർക്കാരുമായി കരാറിൽ ഏർപ്പെടുന്നതിന് ഗുണഭോക്താവിന് അറിയിപ്പ് നൽകുന്നതുമാണ്. നിർദ്ദേശിക്കുന്ന തീയതിയ്ക്കകം കരാറിൽ ഒപ്പുവയ്ക്കാത്തവരുടെ അപേക്ഷ നിരസിക്കപ്പെടുന്നതാണ്.**

**11. തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള പരമാവധി തുകയായ 20,000/- രൂപ രണ്ടു ഗഡുക്കളായി അനുവദിക്കുന്നതാണ്. ആദ്യ ഗഡുവായ 10,000/- രൂപ കൈപ്പറ്റി 45 ദിവസത്തിനകം പണിയായുധങ്ങൾ വാങ്ങിയതിൻറെ 20,000/- രൂപയുടെ അസ്സൽ GST ബില്ലുകൾ B win പോർട്ടലിൽ upload ചെയ്യേണ്ടതാണ്. ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് രണ്ടാം ഗഡു അനുവദിക്കുന്നതാണ്.**

**12. പണിയായുധങ്ങൾ അപേക്ഷകന്റെ തൊഴിലിനനുസൃതമായി തെരഞ്ഞെടുക്കേണ്ടതാണ്. പണിയായുധങ്ങൾ ISI/BIS നിലവാരത്തിലുള്ളതായിരിക്കണം.**

**13. അപേക്ഷകർക്ക് ഉചിതമെന്നു തോന്നുന്ന നിലവാരമുള്ള ഏജൻസികളിൽ നിന്ന് പണിയായുധങ്ങൾ വാങ്ങാവുന്നതാണ്.**

**14.** ആനുകൂല്യതുക പ്രവർത്തന മൂലധനമായി ഉപയോഗിക്കാൻ പാടുള്ളതല്ല.

**15. B-WIN** പോർട്ടൽ മുഖേന ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

**16.** അപേക്ഷയിൽ സ്വന്തം ഇ-മെയിൽ വിലാസവും, മൊബൈൽ നമ്പരും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

**17.** യാതൊരു കാരണവശാലും ഒരു അപേക്ഷകൻ ഒന്നിലധികം പ്രാവശ്യം രജിസ്ട്രേഷൻ നടത്താൻ പാടുള്ളതല്ല.

**18.** ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്ന് ഇ-ഡിസ്ട്രിക്ട് മുഖേന ഒരു വർഷത്തിനുള്ളിൽ ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പരും, സെക്യൂരിറ്റി കോഡും ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തണം. വാർഷിക വരുമാനം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നായിരിക്കും.

**19.** ഓൺലൈൻ രജിസ്ട്രേഷൻ നടത്തുമ്പോൾ നിർബന്ധമായും അപേക്ഷകന്റെ പേരിലുള്ള ലൈവ് ആയ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ തന്നെ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ധനസഹായത്തിനുള്ള അർഹത നഷ്ടപ്പെടുന്നതാണ്. കുടുംബാംഗങ്ങളുടെയോ, മറ്റുള്ളവരുടെയോ പേരിലുള്ള ബാങ്ക് അക്കൌണ്ട് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**20.** അപേക്ഷകർ ജാതി തെളിയിക്കുന്ന രേഖ, തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് (തദ്ദേശ സ്വയം ഭരണ സ്ഥാപന ചെയർമാൻ/പ്രസിഡന്റിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ വാങ്ങാവുന്നതാണ്), ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ഓൺലൈനിൽ **Upload** ചെയ്യേണ്ടതാണ്. അപേക്ഷാ ഫോറത്തിന്റെ പ്രിന്റ് ഔട്ട്, അനുബന്ധ രേഖകൾ എന്നിവ പിന്നാക്ക വിഭാഗ വികസന വകുപ്പിലേക്ക് അയക്കേണ്ടതില്ല.

**21.** പദ്ധതി സംബന്ധിച്ച് തുടർന്നുള്ള എല്ലാ അറിയിപ്പുകളും **www.bwin.kerala.gov.in** വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വ്യക്തിഗത അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല.

**22.** കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളുടെ ഫോൺ നമ്പറുകളിലോ, ഇ-മെയിൽ വിലാസങ്ങളിലോ (ചുവടെ പട്ടികപ്പെടുത്തുന്നു) ബന്ധപ്പെടാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **31.08.2026.**

| സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല | ബന്ധപ്പെട്ട ഓഫീസ് |
|---|---|
| | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ,പിന്നാക്ക |

| | |
|---|---|
| തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട | വിഭാഗ വികസന വകുപ്പ്, ടി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്, മുണ്ടയ്ക്കൽ , കൊല്ലം - 691001<br>ഫോൺ - 0474 2914417<br>ഇ-മെയിൽ - bcddklm@gmail.com |
| ആലപ്പുഴ,എറണാകുളം,കോട്ടയം,ഇടുക്കി | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, രണ്ടാം നില, കാക്കനാട്, എറണാകുളം - 682030 ഫോൺ - 0484 2983130<br>ഇ-മെയിൽ -<br>bcdderanakulam@gmail.com |
| തൃശ്ശൂർ,പാലക്കാട്,മലപ്പുറം | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, നാലാം നില, മ ിനി സിവിൽ സ്റ്റേഷൻ, സ്വാതി ജംഗ്ഷൻ, ആലത്തൂർ പാലക്കാട്-678541<br>ഫോൺ - 0492 2222335<br>ഇ-മെയിൽ -<br>bcddpkd@gmail.com |
| കോഴിക്കോട്,വയനാട്, കണ്ണൂർ,കാസർഗ ോഡ് | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട് - 673020<br>ഫോൺ - 0495 2377786<br>ഇ-മെയിൽ calicutbcdd@gmail.com |

Digitally signed by
RANJITH D I A S
Date: 04-08-2026
09:35:08

**Ranjith D IAS**

**DIRECTOR**

പകർപ്പ്:

1. ഗവ. സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
3. ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ
4. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിവിവിവ - കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്
5. ഐ.ടി ഡിവിഷൻ, കോർഡിനേറ്റർ, പി.വി.വി.വ (വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
6. ഡയറക്ടറുടെ മേശ മേൽ
7. നോട്ടീസ് ബോർഡ്

8. കരുതൽ/അധികം